പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1016 — 05/03/2018 -ൽ മറുപടിയ്ക്ക്

# വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ-കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വളരെ വർദ്ധിച്ചു എന്ന റിപ്പോർട്ട് ഗൗരവമായി വിദ്യാഭ്യാസവകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചു വരുന്ന പ്രവണത പൊതുവിദ്യാഭ്യാസ വകുപ്പ് ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുള്ള ദോഷവശങ്ങൾ സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോലീസ് വകുപ്പുമായി ചേർന്ന്, സ്കൂളിന്റെ 100 വാര ചുറ്റളവിൽ ലഹരി വസ്തുക്കളുടെ വില്പന നിരോധിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ബോധവത്ക്കരണ ക്ലാസ്സുകൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് നടത്താറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ കോ-ഓർഡിനേറ്റർമാർക്ക് ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള വിദഗ്ധ പരിശീലനം ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്(NIMHANS) നിന്നും നൽകിയിട്ടുണ്ട്.<br>വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ എൻ. എസ്.എസ് സെല്ലിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം സ്കൂളുകളിൽ |

ഊർജ്ജിതമായി നടത്തുന്നുണ്ട്. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനത്തിന് എല്ലാവിധ പ്രോത്സാഹനവും നല്കുന്നുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുവാനും ഇവയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസര പ്രദേശങ്ങളിലും ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും വകുപ്പിന് കീഴിലുള്ള പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന്റെ ഭാഗമായി സർവ്വകലാശാല തലത്തിൽ Anti-drug squad കൾ രൂപീകരിച്ചിട്ടുണ്ട്. എക്സൈസ്, പോലീസ് അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കോളേജ് പ്രിൻസിപ്പൽമാർക്ക് കർശന നിർദ്ദേശം നൽകയിട്ടുണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി അദ്ധ്യാപകർക്കായി ഏകദിന ശിൽപ ശാലകൾ നടത്തി വരുന്നു. കോളേജുകളിലും, ഹോസ്റ്റലുകളിലും പരിശോധനകൾ നടത്തി വരുന്നുണ്ട്. സർവ്വകലാശാലകളിൽ എൻ.എസ്. എസിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവർക്കരണവും സെമിനാറുകളും നടത്തി വരുന്നു. കൂടാതെ വിദ്യാർത്ഥികളെയും, രക്ഷാകർത്താക്കളേയും കോളേജ് അധികാരികളെയും, പോലീസിനെയും ഏകോപിപ്പിച്ചു കൊണ്ടുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും ചൈൽഡ് ലൈൻ മാതൃകയിൽ ഒരു കോൾ സെന്റർ സംവിധാനം തയ്യാറാക്കി ആഭ്യന്തര വകുപ്പുമായി സഹകരിച്ച് വിദ്യാർത്ഥികളെ ഈ വിപത്തിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിൽ നിന്നും കുട്ടികളെ പൂർണ്ണമായും വിമുക്തമാക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചു വരുന്നു.

ഹയർ സെക്കന്ററി വകുപ്പിൽ വിദഗ്ധ പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രാഥമിക കൗൺസിലിംഗ് നൽകി ഈ വിപത്തിൽ നിന്നും രക്ഷപ്പെടുത്താനുള്ള നടപടികൾ സ്വകരിക്കാറുണ്ട്. കൂടാതെ സഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ

ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ എക്സൈസ് വകുപ്പിന് കൈമാറാറുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ